കല്ല്യാശ്ശേരി മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങൾ

170(871) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പ് മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും ലഭിച്ച ഫണ്ടിന്റെയും അവയുടെ പ്രവർത്തന പുരോഗതിയുടെയും വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ജലസേചന വകുപ്പ് :

ജലസേചന വകുപ്പ് മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

കേരള ജല അതോറിറ്റി :

കേരള ജല അതോറിറ്റി മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

ഭൂജല വകുപ്പ് :

കല്ല്യാശ്ശേരി മണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖേന ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

പ്രവൃത്തിയുടെ പേര്	തുക	പഞ്ചായത്ത്	റിമാർക്സ്
പുത്തൂർകുന്ന് എസ്. സി. കോളനി കുടിവെള്ള പദ്ധതി	2,33,347	കടന്നപ്പള്ളി പാണപ്പുഴ	പൂർത്തീകരിച്ചു
പുത്തൂർകുന്ന് ക്രിസ്ത്യൻ കോളനി കുടിവെള്ള പദ്ധതി	3,57,398	കടന്നപ്പള്ളി പാണപ്പുഴ	പൂർത്തീകരിച്ചു
പൊയ്യാരം കഴൽ കിണർ നിർമ്മാണം	40,950	ചെറുതാഴം	കഴൽകിണർ ജലലഭ്യത ഇല്ല.
ക്രിസ്തുകുന്ന് കഴൽകിണർ ഹാൻഡ് പമ്പ് സ്ഥാപിക്കൽ	8,100	കണ്ണപുരം	ഹാൻഡ് പമ്പ് സ്ഥാപിച്ചു.
മാടായി എരിയപുരം കോളനി കുടിവെള്ള പദ്ധതി	4,83,000	മാടായി	90% പൂർത്തീകരിച്ചു
മംഗലശ്ശേരി ഡിവൈൻ കോളനി	3,55,000	പട്ടുവം	90% പൂർത്തീകരിച്ചു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly